പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ. 438 29..06.2012 ൽ മറുപടിയ്ക്ക്

## വയോജന നയത്തിൽ മാറ്റം

**ചോദ്യം**

ശ്രീ.എസ് രാജേന്ദ്രൻ

ശ്രീ. ഇ.പി. ജയരാജൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാധാകൃഷ്ണൻ

**ഉത്തരം**

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വയോജന നയത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട് .<br>വയോജന നയത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ജനസംഖ്യയിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ എത്ര ശതമാനമുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ കൃത്യമായ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചിട്ടില്ല. എങ്കിലും, 2011-ലെ സെൻസസ് പ്രകാരം 60 വയസ്സിന് മുകളിലുള്ളവർ ആകെ ജനസംഖ്യയുടെ ഉദ്ദേശം 10% ലധികം വരുമെന്നാണ് സൂചന. |
| സി | വയോജനങ്ങളുടെ ആരോഗ്യ സുരക്ഷാ രംഗം നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്; അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | പ്രായാധിക്യത്താൽ വയോജനങ്ങൾ നേരിടുന്ന ആരോഗ്യബലഹീനത, പോഷകാഹാര ദൗർലഭ്യം, വാർദ്ധക്യ സഹജമായ രോഗങ്ങൾ, ഒറ്റപ്പെട്ട് കഴിയുന്നതുമൂലമുണ്ടാകുന്ന മാനസിക സംഘർഷം തുടങ്ങിയവയാണ് വയോജനങ്ങളുടെ ആരോഗ്യ സുരക്ഷാ രംഗം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ത്രിതല പഞ്ചായത്തുമായി സഹകരിച്ച് സാമൂഹ്യ ക്ഷേമ വകുപ്പിലെ അങ്കണവാടികൾ വഴി 'സംതൃപ്തി' എന്ന പേരിൽ വയോജനങ്ങൾക്ക് ഒരു നേരം പോഷകാഹാരം വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 65 വയസിനു മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനും ദൈനംദിന ജീവിതം സുഗമമാക്കു |

| | | | |
|---|---|---|---|
| | | | ന്നതിനും വേണ്ടി കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 'വയോമിത്രം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് സംവിധാനം, ടോൾഫ്രീ ടെലഫോൺ, മരുന്നുകൾ, പാലിയേറ്റിവ് കെയർ, മൊബൈൽ ക്ലിനിക്ക്, ആംബുലൻസ് സൗകര്യം എന്നീ സേവനങ്ങൾ ലഭ്യമാണ്. വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് സാമൂഹ്യക്ഷേമ വകുപ്പും ആരോഗ്യ വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പും സംയോജിപ്പിച്ച് കർമ്മ പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആരോഗ്യ വകുപ്പു വഴി താലൂക്ക് ആശുപത്രികളിൽ വയോജന ങ്ങൾക്കായി ജെറിയാട്രിക് വാർഡുകൾ സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, വയോജനങ്ങളുടെ മൊത്തത്തി ലുള്ള ക്ഷേമം ലക്ഷ്യമാക്കി , 2006 ലെ വയോജന നയം അനുയോജ്യമായ വിധം പരിഷ്കരിക്കാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ